**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 582** **09-08-2023 - ൽ മറുപടിയ്ക്ക്**

**ശ്രീകണ്ഠാപുരം സബ്ട്രഷറി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ മണ്ഡലത്തിലെ ശ്രീകണ്ഠാപുരം സബ്ട്രഷറിക്കുവേണ്ടിയുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം എപ്പോൾ ആരംഭിക്കുവാൻ സാധിക്കുമെന്ന് അറിയിക്കാമോ; | (എ) | ട്രഷറി വകുപ്പിന്റെ പേരിൽ ലഭ്യമായിരിക്കുന്ന ശ്രീകണ്ഠാപുരം സബ്ട്രഷറി ഉൾപ്പെടെയുള്ള 22 സ്ഥലങ്ങളിൽ പുതിയ ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിന് സുതാര്യമായ ലേല നടപടി ക്രമത്തിലൂടെ തെരഞ്ഞെടുത്ത HLL Life Care Limited – നെ സ.ഉ(സാധാ) നം.5117/2023/ധന തീയതി 05/07/2023 പ്രകാരം കെട്ടിട നിർമ്മാണ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച് അനുമതി നൽകിയിട്ടുണ്ട്. ഇതിനായി DPR തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിർവ്വഹണ ഏജൻസി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഏജൻസി സമർപ്പിക്കുന്ന DPR സർക്കാരിലേക്ക് ലഭ്യമാകുന്ന മുറയ്ക്കും ഫണ്ട് ലഭ്യതയ്ക്കും വിധേയമായി കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത നിർമ്മാണത്തിന് പുതിയ നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുത്തിട്ടുണ്ടോ; | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ പുതിയ ഏജൻസിയെ തെരഞ്ഞടുക്കാൻ വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; ഏജൻസിയെ തെരഞ്ഞടുക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ